**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2878** | **28-02-2023 - ൽ മറുപടിയ്ക്ക്**

**പീരുമേട് മണ്ഡലത്തിലെ തോണിത്തടി ചെക്ക്ഡാം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് മണ്ഡലത്തിലെ പെരിയാർ നദിയിൽ തോണിത്തടിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | (എ) | **പെരിയാർ നദിയിൽ തോണിത്തടിയിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായി ടെൻഡർ ചെയ്യുകയും 21.03.2022 ൽ പ്രവർത്തി അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യുടെ പരാതി പ്രകാരം ഉപ്പുതറ പോലീസ് പണികൾ തടയുകയും കെ.എസ്.ഇ.ബി ഡാം സേഫ്റ്റി വിഭാഗത്തിന്റെ അനുമതി വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി വിഭാഗത്തിന്റെ അനുമതിക്കായി KWA/JB/PIU-2/AEE-5/10/KIIFB/Ayyappancovil എന്ന നമ്പറിൽ ചീഫ് എഞ്ചിനീയർ ഓപ്പറേഷൻ 15.11.2022 - ൽ ഡയറക്ടർ, K.S.E.B Ltd - ന് കത്ത് നൽകുകയും തുടർന്ന് 06/12/2022-ൽ ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തടയണ നിർമാണത്തിന്റെ തർക്കം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി എം എൽ എയുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തുവാൻ നിർദ്ദേശിക്കുകയും അതിനുശേഷം 29.12.2022 - ൽ ബഹു.എം.എൽ.എ-യുടെ നേതൃത്വത്തിൽ പകൽ 11.00 മണിക്ക് ഡാം സേഫ്റ്റി അതോറിറ്റി, വനംവന്യജീവി വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും തടയണ നിർമ്മാണം F.R.L -ന്റെ ഉള്ളിൽ വരുന്നതാണെന്നും ഇടുക്കി റിസർവോയറിന് ഇത് സുരക്ഷാ ഭീഷണി ഇല്ലാത്തതാണെന്നും എന്നാൽ തടയണ നിർമ്മാണത്തിന്റെ തീരുമാനം ബോർഡിന്റെ ഉന്നതതലങ്ങളിൽ നിന്ന് ഉണ്ടാകേണ്ടതാണെന്നും ആയതിന് റിപ്പോർട്ട് തയ്യാറാക്കി നല്കുന്നതാണെന്ന് K.S.E.B ഡാം സേഫ്റ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത ചെക്ക് ഡാം പണിയുന്നതിന് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും ടെൻഡർ | (ബി) | **ഇതിലേക്കായി 3,25,31,443/- രൂപയ്ക്കാണ് ടെൻഡർ നൽകിയിരുന്നത്.** |

| | | | |
|---|---|---|---|
| | നടപടികൾ പൂർത്തിയാക്കിട്ടുണ്ടോ എന്നും വിശദമാക്കാമോ ; | | |
| (സി) | അടുത്ത കാലവർഷത്തിനു മുമ്പ് പണി പൂർത്തിയാക്കാനാകുമോയെന്ന് വിശദമാക്കാമോ? | (സി) | **ഡാം സേഫ്റ്റിയുടെ അനുമതി കിട്ടുന്ന മുറയ്ക്ക് പണികൾ പൂർത്തിയാക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ